


# അക്കാദമിക മാസ്റ്റർ പ്ലാൻ

<u>ഉള്ളടക്കം</u>

1. അടിസ്ഥാന വിവരങ്ങൾ

2. ആമുഖം

3. ലക്ഷ്യങ്ങൾ

4. വിദ്യാലയത്തിന്റെ ചരിത്രം

5. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

6. പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ (മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (ഹ്രസ്വം, മധ്യമം, ദീർഘ

10. തനതുവർഷവും മുൻവർഷവും നടത്തിയ മികവാർന്ന പ്രവർത്തനങ്ങൾ

11. മുൻവർഷങ്ങളിലെ കുട്ടികളുടെ എണ്ണം

12. പ്രതീക്ഷിത നേട്ടങ്ങൾ

13. മോണിറ്ററിംഗ് രീതി

14. ഉപസംഹാരം

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് : | എൽ.പി.എസ്. പാർപ്പാകോട് |
| വിലാസം | മാരിയാഴം (പി.ഒ) |
| | കാഞ്ഞിരമറ്റം, എറണാകുളം |
| | പിൻ- 682315 |
| സ്കൂൾ കോഡ് : | 28518 |
| വിദ്യാഭ്യാസ ഉപജില്ല : | പിറവം |
| വിദ്യാഭ്യാസ ജില്ല : | മൂവാറ്റുപുഴ |
| റവന്യൂ ജില്ല : | എറണാകുളം |
| ബി.ആർ.സി : | പിറവം |
| സി.ആർ.സി : | വെളിയനാട് |
| ഗ്രാമ പഞ്ചായത്ത് : | എടയ്ക്കാട്ടുവയൽ(14-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് : | മുളന്തുരുത്തി |
| ജില്ലാ പഞ്ചായത്ത് : | എറണാകുളം |
| നിയമസഭാമണ്ഡലം : | പിറവം |
| താലൂക്ക് : | കണയന്നൂർ |
| വില്ലേജ് : | എടയ്ക്കാട്ടുവയൽ |
| ഇ.മെയിൽ : | parpacode@gmail.com |

## ആമുഖം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒരു കൊച്ചുഗ്രാമമാണ് പാർപ്പാകോട്. കാർഷികവൃത്തി ജീവിതമാർഗ്ഗമാക്കി ശേഷിച്ച സമയം കലാകായിക രംഗങ്ങളിൽ ആരോഗ്യവും ശരീരവുമർപ്പിച്ചിരുന്ന ഒരു പ്രാചീന സംസ്കാരം ഈ കൊച്ചു ഗ്രാമത്തിന്റേതായി എടുത്തു പറയാം. വടക്ക് തിരുമാറാടിക്കുളത്തപ്പനാലും തെക്ക് പുളിയാമ്പുള്ളി നമ്പൂരിച്ചനാലും , കിഴക്ക് ശ്രീ നാരായണ ഗുരുദേവനാലും അനുഗ്രഹിക്കപ്പെട്ട സരസ്വതിക്ഷേത്രമാണിത്. പാർപ്പാകോട് ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്കൂളിന്റെ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺഗ്രൗണ്ടും നിലകൊള്ളുന്നു. സ്കൂളിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി കോട്ടയം എറണാകുളം റെയിൽപാത കടന്നുപോകുന്നു. സ്കൂളിന്റെ പരിസരത്തായി 100-ൽ താഴെ എസ്.റ്റി കുടുംബങ്ങളെ സർക്കാർ പുനരധിവസിപ്പിച്ചിരിക്കുന്നത് സ്കൂളിന്റെ പുരോഗതിയെ ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. എറണാകുളം ജില്ലയുടെ നെല്ലറയായ തോട്ടറപ്പുഞ്ച നാടിന്റെ കാർഷിക സംസ്കൃതിയെ വിളിച്ചോതുന്നു.

സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മുൻവർഷങ്ങളിലേതിൽ നിന്നും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. ചിത്രചുവരുകളാൽ ആകർഷകമാണ് വിദ്യാലയം. 1 മുതൽ 4 വരെ ഓരോ ഡിവിഷനുകളും എൽ.കെ.ജി , യു.കെ.ജി ക്ലാസ്സുകളും പ്രവർത്തിച്ചുവരുന്നു. പ്രധാന ഉൾപ്പെടെ 4 അധ്യാപകരും എൽ കെ ജി, യു.കെ ജി ക്ലാസ്സുകളിൽ പി.റ്റി.എയുടെ സഹകരണത്തോടെയുള്ള അധ്യാപകരും പ്രവർത്തിച്ചുവരുന്നു. വിദ്യാലയത്തിൽ ആകെ 20 കുട്ടികളാണ് ഇപ്പോൾ ഉള്ളത്. ഒരു പാചകതൊഴിലാളിയും ഉണ്ട്. മികച്ച നിലവാരത്തിൽ തന്നെയാണ് 4-ാം ക്ലാസ്സിൽ നിന്നും കുട്ടികൾ പുറത്ത് പോകുന്നത്.

### ലക്ഷ്യങ്ങൾ

- ഏറ്റവും ആധുനികമായ സാങ്കേതികവിദ്യയും മികച്ച അടിസ്ഥാനസൗകര്യങ്ങളുമുള്ള വിദ്യാലയാന്തരീക്ഷം ഘട്ടംഘട്ടമായി സൃഷ്ടിക്കൽ.
- സ്കൂളിന്റെ 100-ാം വാർഷികമാകുമ്പോഴേയ്ക്കും 100 കുട്ടികളെ തികയ്ക്കൽ. എൽ.കെ.ജി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തനകലണ്ടറും രൂപപ്പെടുത്തൽ.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടുത്തൽ.
- ഇടവേളകളിൽ കർമനിരതമായ സർഗാത്മക പ്രവർത്തനങ്ങൾ ഒരുക്കൽ.
- മികച്ച കായിക പരിശീലനത്തിലൂടെ കായികശേഷിയുള്ള തലമുറയെ വാർത്തെടുക്കാനുള്ള പ്രവർത്തനപദ്ധതികൾ ഒരുക്കൽ.

1. വിദ്യാലയത്തിന്റെ ചരിത്രം

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഒരു കൊച്ചു ഗ്രാമമാണ് പാർപ്പാകോട്. കൊല്ലവർഷം 1103-ൽ [illegible] ഈ ഗ്രാമത്തിന്റെ സമീപപ്രദേശമായ വഴുഞ്ഞുചുവട്ടിൽ ഒരു പാഠശാല ആരംഭിക്കുകയും ദേശവാസികളുടെ സൗകര്യാർത്ഥം പാണ്ട്യംമേലിൽ കുടുംബം സംഭാവന ചെയ്ത സ്ഥലത്ത് പാർപ്പാകോട് ലോവർ പ്രൈമറി സ്കൂൾ എന്ന പേരിൽ മാറ്റി സ്ഥാപിക്കുകയും ചെയ്തു. പ്രധാനധ്യാപകന് മാനേജരുടെ ചുമതല നൽകിക്കൊണ്ട് പൂർണ്ണമായും അധ്യാപകരുടെ മേൽനോട്ടത്തിലായിരുന്നു ഈ പാഠശാല പ്രവർത്തിച്ചിരുന്നത്. 2005 ഏപ്രിൽ മുതൽ ശ്രീമതി.എ.കെ. കുഞ്ഞുമോൾ പാർപ്പാകോട് എൽ.പി.സ്കൂളിന്റെ ഹെഡ്മിസ്ട്രസും മാനേജരായി പ്രവർത്തിച്ചുവരികയായിരുന്നു.

പ്രീ- കെ ഇ ആർ കെട്ടിടം പൊളിച്ചുമാറ്റുക എന്ന ഗവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫിന് അതിനുള്ള സാമ്പത്തികശേഷി ഇല്ലാത്തതിനാൽ പി.റ്റി.എ യുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ മാനേജ്മെന്റ് ശ്രീമതി. ദീപ.എസിന് കൈമാറ്റം ചെയ്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

പ്രീ.പ്രൈമറി വിദ്യാഭ്യാസം തികച്ചും അപ്രാപ്യമായിരുന്ന ഒരു കാലഘട്ടത്തിൽ ആദ്യാക്ഷരത്തിന്റെ വെളിച്ചം പകരാൻ ദേശവാസികൾക്ക് ഈ സ്കൂൾ മാത്രമായിരുന്നു അവലംബം. ഡി.വൈ.എസ്.പി സുനിൽ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരും സർക്കാർ സർവ്വീസുകളിൽ ഉന്നത പദവി അലങ്കരിച്ചിരുന്നവരും ഹരിശ്രീ കുറിച്ചത് ഈ അക്ഷരഗോപുരത്തിന്റെ ദിവ്യജ്യോതിസിൽ നിന്നുമാണ്. അക്കാദമിക രംഗത്തിന്റെ മികവാർന്ന പ്രവർത്തനത്തിന്റെ ഫലമായി 2003-2004 ൽ എൽ.എസ്.എസ് സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

1. ഭൂമിയെ സ്നേഹിക്കുന്ന, ഈ ഭൂമിയിലെ ചെടികളും മരങ്ങളും പുഴകളും പക്ഷിമൃഗാദികളും സഹോദരരാണ് എന്ന മനോഭാവം ജനിപ്പിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കൽ.
2. പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്ത് എവിടെയുംസമാനപ്രായമുള്ള കുട്ടകൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. ഭൂമി മനുഷ്യർക്കു മാത്രമല്ല, സർവ്വ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നും അതിന്റെ തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നുമുള്ള അവബോധം സൃഷ്ടിക്കാൻ കുട്ടിയെ പ്രാപ്തമാക്കൽ.

V. പദ്ധതിരൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ പാർപ്പാകോട് സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

2. വികസനാവശ്യങ്ങൾ ക്ലാസ്സ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ, എസ്.ആർ.ജി, പി.ടി.എ, എം.പി.ടി.എ, എസ്.ഡി.സി, ഒ.എസ്.എ, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ,ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ

4. ശിൽപ്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

5. പി.ടി.എ, എസ്.ഡി.സി, ഒ.എസ്.എ എന്നിവയുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## VI. നിലവിലെ അവസ്ഥാ വിശകലനം

### A. ഭൗതികം-നേട്ടങ്ങൾ

മാനേജ്മെന്റ്, സ്റ്റാഫ്, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണത്തോടെ സ്കൂൾ കെട്ടിടം പുതുക്കിപ്പണിതിട്ടുണ്ട്. നാല് ക്ലാസ് മുറികൾ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ (ടൈൽവർക്ക്, ഇലക്ട്രിഫിക്കേഷൻ) എന്നിവ പൂർത്തീകരിച്ച് തന്നിട്ടുണ്ട്. ബഹുവർണ്ണ ചിത്രങ്ങൾ കൊണ്ട് സ്കൂൾ ആകർഷകമാക്കിയിട്ടുണ്ട്. പുതുക്കിപ്പണിത പാചകപ്പുരയും ടോയ്‌ലെറ്റുകളും സ്കൂളിന്റെ ഭൗതിക നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

### B. ഭൗതികം- പരിമിതികൾ

ഓഫീസ് റൂം, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളില്ല. ശൗചാലയം ആധുനികരീതിയിലുള്ളതല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ഓഡിറ്റോറിയം നിലവിലില്ല. സ്വന്തമായി വാഹനമില്ല. ഭോജനശാല നിലവിലില്ല. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കേണ്ടതുണ്ട്. കുട്ടികളുടെ പാർക്ക്, ആവശ്യമായ കളിയുപകരണങ്ങൾ ഇവ നിലവിലില്ല. കെട്ടിടം സീലിംഗ് നടത്തേണ്ടതുണ്ട്. പ്രീ പ്രൈമറി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. മഴവെള്ള സംഭരണി, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവ സ്കൂളിന്റെ ആവശ്യങ്ങളിൽപ്പെടുന്നു. സ്കൂൾ ഹാൾ, ഓഫീസ് തുടങ്ങിയവ ടൈൽ വിരിക്കേണ്ടതുണ്ട്. പാചകപ്പുര ആധുനികവൽക്കരിക്കേണ്ടതുണ്ട്. സ്കൂൾ ആകർഷകമാക്കേണ്ടതിന്റെ ഭാഗമായി മുറ്റം ടൈൽ വിരിക്കൽ, ഇക്കോ പാർക്ക് നിർമ്മാണം തുടങ്ങിയവയും ആവശ്യമാണ്. ആകർഷകമായ ഇരിപ്പിടമില്ല.

C. അക്കാദമികം- നേട്ടങ്ങൾ

1. വേദിക സാംസ്കാരികസമിതി ഏർപ്പെടുത്തിയ കുഞ്ഞുണ്ണി മാഷ് വിദ്യാഭ്യാസ പുരസ്കാരം ശ്രേഷ്ഠഭാഷയായ മലയാളത്തിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ 3-ാം ക്ലാസ്സിലെ 3 കുട്ടികൾക്ക് 2017-18 വർഷം ലഭിയ്ക്കുകയുണ്ടായി.
2. സബ് ജില്ലാ കലോത്സവം, ശാസ്ത്രോത്സവം എന്നിവയിൽ കുട്ടികൾ ഉന്നത സ്ഥാനങ്ങൾ നേടിയിട്ടുണ്ട്.
3. യുറീക്കാ വിജ്ഞാനോത്സവത്തിൽ 2014-15 വർഷം മേഖലാതലത്തിൽ ഉന്നതവിജയം നേടി.
4. 2003-2004-ൽ എൻ.എസ്.എസ് സ്കോളർഷിപ്പ് നേടിയിട്ടുണ്ട്.
5. പ്രഭാത ഭക്ഷണം, ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, ഷട്ടിൽ തുടങ്ങിയവയ്ക്ക് വിദഗ്ധ പരിശീലനം, വ്യക്തിത്വ വികസന, ശാസ്ത്ര, കലാസാഹിത്യ പരിശീലന ക്ലാസുകൾ, രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസുകൾ,കുട്ടികൾക്ക് പ്രഗത്ഭരുടെ കൗൺസലിംഗ് ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു.
6. കുട്ടികളുടെ മാഗസിനുകൾ തയ്യാറാക്കുകയും പ്രദർശനം സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.
7. മാതൃഭൂമി സീഡു പ്രവർത്തനവുമായി ബന്ധപ്പെട്ട് ലവ്-പ്ലാസ്റ്റിക്ക് പദ്ധതി 14-ാം വാർഡിൽ നടപ്പിലാക്കി.
8. വായനയെപരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി പുസ്തകങ്ങളുടെ വിപുലമായ ശേഖരണം നടത്താൻ സാധിച്ചു.
9. കലാലയ സ്മരണകൾ, ഒരു വട്ടം കൂടി ഓർമ്മിപ്പിച്ചുകൊണ്ട് പൂർവ്വ വിദ്യാർത്ഥി സംഗമവും ഗുരുവന്ദനവും നടത്തി.

D. <u>അക്കാദമികം- പരിമിതികൾ</u>

- ഓരോ ക്ലാസ്സിലും ഐ.സി.റ്റി സാധ്യത ഉറപ്പാക്കുന്നതിനുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നിലവിലില്ല.
- ആകർഷകമായ രീതിയിലുള്ള ക്ലാസ്സ് ലൈബ്രറികൾ നിർമ്മിക്കേണ്ടതുണ്ട്.
- ശാസ്ത്ര ഗണിത പരീക്ഷണങ്ങളിലേർപ്പെടാനുള്ള ലബോറട്ടറി സൗകര്യങ്ങൾ നിലവിലില്ല.
- കലാ-കായിക പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

വിജ്ഞാനം വിരൽത്തുമ്പിൽ ലഭ്യമാകാൻ ഓരോ കുട്ടിക്കും ഓരോ ടാബ് ലഭിക്കേണ്ടതുണ്ട്.

# പ്രതീക്ഷിത നേട്ടങ്ങൾ

## (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂളും സമൂഹവും ഒറ്റക്കെട്ട് എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- ജനാധിപത്യമൂല്യബോധം ഉളവാക്കുന്ന സമൂഹത്തെ വളർത്താൻ കഴിയുന്നു.
- അക്കാദമിക മികവിലൂടെ വിദ്യാലയ മികവ് എന്ന കാഴ്ച്ചപ്പാട് സാക്ഷാത്ക്കരിക്കാൻ കഴിയുന്നു.

മോണിട്ടറിംഗ് രീതി.

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച് . എം, എസ്. ആർ.ജി കൺവീനർ, പി ടി എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| കൃഷി ആയുധങ്ങൾ കാര്യക്ഷമമാക്കൽ | • വൈദ്യുതി, ജലവിതരണം, പച്ചക്കറി കൃഷി, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ., സ്റ്റാഫ് സെക്രട്ടറി | 10,0[illegible] |

പ്രവർത്തനം 41.

പേര് : സൗരോർജ്ജ പാനൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | • ഓഡിറ്റോറിയത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ | 10,0[illegible] |

പ്രവർത്തനം 42

പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | • വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | ഒ.എസ്.എ., പി.ടി.എ. | 5,00[illegible] |

പ്രവർത്തനം 43

പേര് : പൂർവ്വാദ്ധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| സാമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | • അദ്ധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചുചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,0[illegible] |

## പ്രവർത്തനം 57

പേര് : ലഹരിക്കെതിരെ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരിപദാർത്ഥങ്ങൾ വരുത്തിവയ്ക്കുന്ന മാരക പ്രശ്നങ്ങൾക്കും കുടുംബങ്ങളിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾക്കും ബോധവൽക്കരണത്തിലൂടെ പരിഹാരം ഉണ്ടാക്കുക | • സെമിനാർ-ലഹരി വസ്തുക്കളും കുട്ടികളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കൽ<br>• കൊച്ചുകുട്ടികളെ ബോധവാൻമാരാക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളിൽ ലഹരി വിരുദ്ധ ചിത്ര പ്രദർശനം സംഘടിപ്പിക്കുന്നു. ജൂൺ-26 ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ, രചന, പ്ലക്കാർഡ് നിർമ്മാണം, റാലി തുടങ്ങിയവ നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം എസ്.എം.സി | 1000രൂപ പി.ടി.എ സംഭാവന |

## പ്രവർത്തനം 58

പേര് : മികവു കൂട്ടാൻ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എഴുത്തിലും വായനയിലും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക<br>• പഠനം ആകർഷകവും, ആസ്വാദ്യവുമാക്കുക | * മലയാളത്തിളക്കം, ശ്രദ്ധ, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പരിപാടികളിലൂടെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുൻനിരയിലേക്ക് എത്തിക്കുന്നു.<br>* എല്ലാ പഠന പ്രവർത്തനങ്ങളിലും തുല്യ പങ്കാളിത്തം നൽകുന്നു<br>* ഐ സി ടി സാധ്യതഉപയോഗിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുന്നു.<br>* പ്രത്യേകം ടി.എൽ.എം -ഉം, ആസൂത്രണവും നടത്തുന്നു.. | ആഴ്ചയിൽ മൂന്നു ദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം 55

പേര് : ഗണിതച്ചെപ്പ്

മേഖല : ഗണിത ആസ്വാദനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക | • ഗണിതകഥകൾ, പാട്ടുകൾ എന്നിവ ആസ്വദിക്കുവാൻ അവസരം നൽകുന്നു<br>• ഓരോ ക്ലാസ്സിനും യോജിക്കുന്ന തരത്തിലുള്ള ഗണിതകളികൾ കണ്ടെത്തി നൽകുന്നു<br>• കളിപ്പാട്ടങ്ങൾ കട കളിക്കുന്നു.<br>• കുട്ടികളുടെ കളിപ്പാട്ടങ്ങൾ ശേഖരിച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. വില നിശ്ചയിച്ച് വാങ്ങുകയും തുക കണ്ടെത്തുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്ടീച്ചർ | |

## പ്രവർത്തനം 56

പേര് : ഗണിത പഠനോപകരണ നിർമ്മാണം

മേഖല : പഠനോപകരണ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും നിത്യജീവിതത്തിൽ ഗണിത പഠനം പ്രയോജനപ്പെടുത്താനുള്ള കഴിവ് വളർത്തുക | • ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• ഉപകരണ നിർമ്മാണത്തിലേർപ്പെടുന്നു (ത്രാസ്,ക്ലോക്ക്,ഭാരം,അളവുപാത്രം,സ്കെയിൽ) ഇവ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഹ്രസ്വം, മധ്യമം, ദീർഘം

| ഹ്രസ്വം | മധ്യമം | ദീർഘം |
|---|---|---|
| • ഭാഷാശേഷി വികസനം | • മെഡിക്കൽ ക്യാമ്പ് | • ലൈബ്രറി ശാക്തീകരണം |
| • ഗണിതശേഷി വികസനം | • രചനാ ശില്പശാലകൾ | • ജൈവവൈവിധ്യ പാർക്ക് |
| • ഇംഗ്ലീഷ് പരിപോഷണം | • വാട്ടർ പ്യൂരിഫയർ | • ഓഡിറ്റോറിയം |
| • വായനാ പരിപോഷണം | • വാട്ടർ കണക്ഷൻ | • മൾട്ടി മീഡിയ റൂം |
| • പഠനയാത്രകൾ | • എന്റെ വീട്ടിൽ ഒരു കൃഷിത്തോട്ടം | • ചുറ്റുമതിൽ |
| • ക്ലാസ് പി.ടി.എ സജീവമാക്കൽ | • സ്കൂൾപത്രം/മാഗസിൻ | • കുട്ടികളുടെ പാർക്ക് |
| • എൽ.എസ്.ജി ബന്ധം | • സിക്ക് റൂം | • മഴവെള്ള സംഭരണി |
| • വിദ്യാലയ വികസന സമിതി പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവ്വ അധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ | • അടുക്കള | • സ്റ്റാഫ് റൂം |
| • എസ്.ആർ.ജി ശാക്തീകരണം | • ഭോജനശാല, പ്രവൃത്തി പരിചയ പഠനം | |

## പ്രവർത്തനം 50

പേര് : മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക | മികവാർന്ന വിധത്തിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി പി ടി എ | 5000 രൂപ പി ടി എ ഫണ്ട് |

## പ്രവർത്തനം 51

പേര് : സ്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസങ്ങളും ചേർത്ത് അച്ചടിച്ച് തയ്യാറാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി പി.ടി എ | 10,000രൂപ (പരസ്യം) |

## പ്രവർത്തനം 53

പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയപ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയപരിസരത്ത് താമസിക്കുന്ന 60 വയസ്സിനുമുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു വിവരണം തയ്യാറാക്കുന്നു. | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി | |

## പ്രവർത്തനം 54

പേര് : പൊതിച്ചോറ്

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും ഇതര ജീവനക്കാരും 5–10 ഭക്ഷണപൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊടുക്കൽ | വർഷത്തിൽ 3 പ്രാവശ്യം | എസ്.ആർ.ജി | |

പ്രവർത്തനം 48

പേര് : വായനക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ[illegible] |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | • വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ, നാട്ടിലെ വായനാ തത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രറി ചാർജുള്ള അധ്യാപിക | - |

പ്രവർത്തനം 49

പേര് : പി.ടി.എ./എം.പി.ടി.എ. സർഗ്ഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ[illegible] |
|---|---|---|---|---|
| അദ്ധ്യാപക രക്ഷാകർതൃബന്ധം ശക്തമാക്കുക. | • പി.ടി.എ. മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാ പരിപാടികൾ കുട്ടികൾക്കുവേണ്ടി അവതരിപ്പിക്കൽ<br>• കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ബഡ്ജസ് പാനൽ വിലയിരുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ., എം. പി.ടി.എ, എസ്.ആർ.ജി | 1000[illegible] |

പ്രവർത്തനം 50

പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാ[illegible] |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | • അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറു സംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി | - |

പ്രവർത്തനം 45

പേര് : അങ്കണവാടി കലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ രക്ഷിതാക്കൾക്ക് വിദ്യാലയത്തെ അറിയാൻ അവസരം | • വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 10,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 46

പേര് : പ്രാദേശിക പി.ടി.എ. യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | • വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പിടി.എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | 10,000/- (പി.ടി.എ) |

പ്രവർത്തനം 47

പേര് : പഠന കൂട്ടങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശേഷികളുടെ അവതരണം, പഠന സാദ്ധ്യതയൊരുക്കൽ | • വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠന കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ മേഖലയും ഒന്നുവീതം അന്ന് ദിവസം നിന്നു തിരിക്കുന്ന വിവിധ ശേഷികളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ | ഓരോ മേഖലയും ഒന്നു വീതം ശേഷികളുടെ അവതരണം ആഴ്ചയിൽ 1 ദിവസം പഠനവും | എസ്.ആർ.ജി. പി.ടി.എ. | 5,000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 33

പേര് : ചുറ്റുമതിൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | • ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | പി.ടി.എ., എം.എസ്.എ | - |

പ്രവർത്തനം 34

പേര് : കവാടം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ... വിഹി... |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | • ആകർഷണീയമായവിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര എന്നിവ സജ്ജമാക്കൽ | ഒരു വർഷം | പി.ടി.എ., എസ്.ഡി.സി. | [illegible] |

പ്രവർത്തനം 35

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ... വിഹി... |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | • പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. മുറ്റം ഉയരം കൂട്ടി ട്രസ്സ് വർക്ക് ചെയ്യൽ | രണ്ടു വർഷം | പി.ടി.എ., എം.എസ്.എ | 6 ല... |

പ്രവർത്തനം 36

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
|---|---|---|---|---|
| ശുചിത്വം ആരോഗ്യം പഠനം | • സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ., എസ്.ഡി.സി | 5 ല... |

പ്രവർത്തനം 36

പേര് : പ്രീപ്രൈമറി & ലാബ് സൗകര്യം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രീ-പ്രൈമറി വിദ്യാർത്ഥികളുടെ സൗകര്യം വർദ്ധിപ്പിക്കൽ, ലാബുകൾ ആധുനികമാക്കൽ | ആകർഷകമായ വിധത്തിൽ പ്രീ-പ്രൈമറി, ലാബ് മുറികൾ സജ്ജീകരിക്കൽ, ലാബുകളിൽ ആധുനികവൽക്കരണം | മൂന്നു മാസം | പി.ടി.എ. | 200000/- ജില്ലാ പഞ്ചായത്ത് |

പ്രവർത്തനം 37

പേര് : നീരുറവ സംരക്ഷണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജലസംരക്ഷണ പ്രവർത്തനം | • നിലവിലുള്ള നീരുറവ മതിൽകെട്ടി മുകളിൽ നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | 1 വർഷം | പി.ടി.എ. | 1 ലക്ഷം ജില്ലാ പഞ്ചായത്ത് |

പ്രവർത്തനം 38

പേര് : ബ്ലോക്ക് പ്ലാന്റേഷൻ പ്രോഗ്രാം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പരിസരം ഹരിതാഭമാക്കൽ | • തരിശു കിടക്കുന്ന ഭൂമിയിൽ വനം വകുപ്പിന്റെ സഹകരണത്തോടെ പരമാവധി മരം വച്ചുപിടിപ്പിക്കൽ | 1 വർഷം | പി.ടി.എ. | 50000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 39

പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം ലഭ്യമാക്കൽ | • കുടിവെള്ള വിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം, ടാങ്കിൽനിന്നും ടോയ്‌ലറ്റ് വാഷ് ബേസ് എന്നിവയിലേക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ | 6 മാസം | പി.ടി.എ. | 200000/- ജില്ലാ പഞ്ചായത്ത് |

…പ്രവർത്തനം 29

…പ് : ചരിത്ര കലണ്ടർ

…ല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| …രിത്രബോധം …ളർത്തിയെടുക്കൽ | • 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരിമുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി | - |

…വർത്തനം 30

…ര് : 50 കവികൾ 50 കവിതകൾ

…ല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| …വികളെയും …തികളെയും …രിചയപ്പെടാൻ …വസരമൊരുക്കൽ | • 50 കുട്ടികൾക്ക് 50 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും ലഘു ജീവചരിത്രവും തയ്യാറാക്കുന്നു. പുസ്തകരൂപത്തിൽ ഇതു പ്രസിദ്ധീകരിക്കാം. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., പി.ടി.എ | - |

…ർത്തനം 31

…് : ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

…ല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| …സ്റ്റ് ഫുഡിന്റെ …ദോഷങ്ങളെ …റിച്ച് ധാരണകൾ …പ്പെടുത്തൽ | • കടകളിൽനിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി., പി.ടി.എ | - |

പ്രവർത്തനം 24

പേര് : പോഷകാഹാര പരിപാടി

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | • ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ<br>• പ്രഭാത ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എസ്.ആർ.ജി, പി.ടി.എ, എം. പി.ടി.എ | 50000/- സ്പോൺസർഷിപ്, ഒ.എസ്.എ |

പ്രവർത്തനം 25

പേര് : ഗവേഷണ പ്രൊജക്ടുകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | • പൂർവ്വ വിദ്യാർത്ഥികളുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, പഠന പിന്നോക്കാവസ്ഥയുള്ളവർക്കുള്ള പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒന്നു വീതം | എസ്.ആർ.ജി, പി.ടി.എ, എം. പി.ടി.എ | - |

പ്രവർത്തനം 26

പേര് : ജന്മദിനത്തിന് ഒരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ വിപുലീകരണം | • ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു<br>• കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ | - |

പ്രവർത്തനം 18

പേര് : ചിത്രരചനാകളരി

മേഖല/ഉപമേഖല : അക്കാദമികം/കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | • മധ്യവേനലവധിക്കാലത്ത് അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | മധ്യവേനലവധിക്കാലം5 ദിവസം | എസ്.ആർ.ജി | 10000/- എസ്.എം.സി |

പ്രവർത്തനം 19

പേര് : കായിക പരിശീലനം

മേഖല/ഉപമേഖല : അക്കാദമികം/കായികവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകിട്ടും കായിക പരിശീലനം<br>• കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ (3 ദിവസം) എല്ലാ ദിവസവും | എസ്.ആർ.ജി പി.ടി.എ. കായികാധ്യാപിക | 10000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 20

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ<br>• ആരോഗ്യ ബോധ വത്കരണ ക്ലാസ് | വർഷത്തിൽ 1 ദിനം | എച്ച്.എം., പി.ടി.എ | 10,000/- പി.ടി.എ |

പ്രവർത്തനം 21

പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ<br>• കർഷകനുമായി അഭിമുഖം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി |

പ്രവർത്തനം 22

പേര് : ജൈവവൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | • സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി |

പ്രവർത്തനം 23

പേര് : ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | • ക്ലാസ്സ് പി.ടി.എ. കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ പഠനപുരോഗതി നിരീക്ഷിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുണ്ടാകണം<br>• കുട്ടികളുടെ മേൽനോട്ടത്തിൽ സി.പി.ടി.എ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം 15

പേര് : പഠന യാത്രകൾ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | • സാമൂഹ്യ ശാസ്ത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ<br>• ഐ.സി.റ്റി. ഉപയോഗിച്ചുള്ള പഠനം | മാസത്തിൽ ഒന്നു വീതം<br>ആവശ്യാനുസരണം | എസ്.ആർ. ജി.<br>ക്ലാസ് ടീച്ചർ |

പ്രവർത്തനം 16

പേര് : സാമൂഹ്യശാസ്ത്രലൈബ്രറി കോർണർ

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ മേഖലകളിലേക്ക് പ്രവേശിപ്പിക്കൽ | • അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ, എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് |

പ്രവർത്തനം 17

പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹിക ശാസ്ത്രഅറിവുകളെ അപ്ഡേറ്റു ചെയ്യൽ | • വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുക... | എല്ലാ പ്രവൃത്തി ദിവസ ങ്ങളിലും | ശാസ്ത്ര ക്ലബ്ബ് |

പ്രവർത്തനം 11

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | • ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ ഉല്പന്നങ്ങളുടെ പ്രദർശനം | ആവശ്യാനുസരണം | എസ്.ആർ.ജി | - |

പ്രവർത്തനം 12

പേര് : ഗണിത ലാബ് സജ്ജീകരണങ്ങൾ

മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി<br>ഗണിത ക്ലബ്ബ് | - |

പ്രവർത്തനം 13

പേര് : മേളകൾ

മേഖല/ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | • സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം<br>• ലഘു പരീക്ഷണങ്ങളിലേർപ്പെടൽ | വർഷത്തിൽ ഒരു പ്രാവശ്യം<br>ആവശ്യാനുസരണം | സയൻസ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | 10000/- OSA |

പ്രവർത്തനം ൯

പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്കങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ<br>• വായനാകുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം<br>ആഴ്ചയിൽ 2 പ്രാവശ്യം | എച്ച് എം, പി ടി എ<br>ക്ലാസ് ടീച്ചർ |

പ്രവർത്തനം ൧൦

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | • പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം<br>• ചിത്രച്ചുവരിലെ ചിത്രങ്ങളിൽ നിന്നും കഥ, കവിത എഴുതൽ | പ്രതിമാസ പരിപാടി | ബാലസഭ ക്ലബ്ബ് |

പ്രവർത്തനം ൧൧

പേര് : അഭിമുഖങ്ങൾ/സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | • പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ<br>• ചിത്രകലാക്യാമ്പ് | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ |

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • ടേം മൂല്യനിർണ്ണയം, നിരന്തരവിലയിരുത്തൽ<br>• ദിനാചരണങ്ങൾ<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |

പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | • ആഴ്ചയിൽ 2 ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ; ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ<br>• ഓരോ ക്ലാസ്സുകാരും മാറി മാറി അസംബ്ലിക്ക് നേതൃത്വം നൽകും<br>• ഇംഗ്ലീഷ് ബാലസഭ | ആഴ്ചയിൽ 2 ദിവസം<br><br>മാസത്തിൽ 1 പ്രാവശ്യം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | • ഓരോ ദിവസം വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക<br>• ചിത്രവിവരണം<br>• പുസ്തകങ്ങൾക്കു പുറമെ ബാല പ്രസിദ്ധീകരണങ്ങളിൽനിന്നും സ്കൂളിലെ ചിത്രച്ചുവരുകളിൽനിന്നും കുട്ടികൾ ലഘുവാക്യങ്ങൾ എഴുതാ | ആഴ്ചയിൽ 5 ദിവസം<br><br>എല്ലാ ദിവസവും | ക്ലാസ് ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | • ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ<br>• ഉച്ചക്ക് 1 മുതൽ 1.30 വരെ വായനാ കാർഡുകൾ നൽകി ഓരോരുത്തർക്കും വായിക്കാനുള്ള അവസരം നൽകുന്നു | പ്രതിമാസ പരിപാടി<br>എല്ലാ ദിവസവും | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | |

പ്രവർത്തനം 7

പേര് : സർഗ്ഗ സല്ലാപം

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | • പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച് എം., പി.ടി.എ. | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 8

പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്കങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ<br>• വായനാകുറിപ്പ് അസംബ്ലിയിൽ അവതരിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച് എം., പി.ടി.എ. | 2000/- സ്പോൺസർഷിപ്പ് |

| സമൂഹികം |
| --- |
| • പി.ടി.എ ശക്തിപ്പെടുത്തൽ<br>• എസ്.എം.സി.<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എൽ.എസ്.ജി ബന്ധം<br>• ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ,വിദ്യാഭ്യാസ പ്രവർത്തകർ,പൂർവ്വഅധ്യാപകർ,സഹകരണ സ്ഥാപനങ്ങൾ,വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ<br>• പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>• പഠനക്കൂട്ടം<br>• പ്രാദേശിക പി.ടി.എ<br>• ഭവന സന്ദർശനം |

## തനതുവർഷവും മുൻവർഷവും നടത്തിയ മികവാർന്ന പ്രവർത്തനങ്ങൾ

### മികവുകൾ,നേട്ടങ്ങൾ

| നടപ്പുവർഷം | മുൻവർഷം |
|---|---|
| • പ്രവേശനോത്സവം | • പുസ്തക സമാഹരണം |
| • സ്വാതന്ത്ര്യദിനാഘോഷം | • ലേഡീസ് അവേർണസ് ക്ലാസ് |
| • പുതിയ കെട്ടിടം ഉദ്ഘാടനം | • കർക്കിടകവും ആരോഗ്യവും ബോധവൽക്കരണ ക്ലാസ് |
| • പൂർവ്വവിദ്യാർത്ഥി സംഗമം | • യോഗാ പരിശീലന ക്ലാസ് |
| • പൂർവ്വ അധ്യാപകരെ ആദരിക്കൽ | • കർക്കിടക മരുന്നുകഞ്ഞി വിതരണം |
| • മാതൃഭൂമി ലൗവ് പ്ലാസ്റ്റിക് പദ്ധതിയും ഓണാഘോഷവും | • രാമായണ മാസാചരണ ക്ലാസ് |
| • പ്രഭാതഭക്ഷണ ഉദ്ഘാടനം | • റംസാൻ ആചരണം |
| • ശ്രദ്ധ-മികവിലേക്ക് ഒരു ചുവട് | • സന്ദേശം കൈമാറൽ |
| • വിദ്യാഭ്യാസ സംവാദ സദസ്സ് | • ലഹരിവിരുദ്ധ ക്ലാസ് |
| • പഠനയാത്ര | • വായനവാരാചരണം |
| • ഭാഷാപോഷണപരിപാടി | • വിദ്യാലയ വികസന സമിതി രൂപീകരണം |
| • മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം | • പൂർവ്വ വിദ്യാർത്ഥി സംഘടന രൂപികരണം |
| • ക്ലാസ് പി.റ്റി.എ | • സ്കൂൾ ലോഗോ പ്രകാശനം |
| • ക്രിസ്തുമസ് ആഘോഷം | |
| • പച്ചക്കറിത്തോട്ടം | |
| • ബാഡ്മിന്റൺ,വോളിബോൾ പരിശീലനം | |
| • പുതിയ ടോയ്‌ലറ്റ് ഉദ്ഘാടനം | |
| • പാചകപ്പുര ഉദ്ഘാടനം | |

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ചുരുക്കത്തിൽ.

| അക്കാദമികം | ഭൗതികം |
| --- | --- |
| • ഭാഷാ ശേഷി വികസനം | • ചുറ്റുമതിൽ,ഗേറ്റ് |
| • ഗണിതശേഷി | • കളിസ്ഥലം |
| • ഇംഗ്ലീഷ് പഠനപരിപോഷണം | • ചിൽഡ്രൻസ് പാർക്ക് |
| • വായനാപരിപോഷണം | • ക്ലാസ്സ് മുറികൾ |
| • ലൈബ്രറി ശാക്തീകരണം | • ഓഫീസ് മുറി |
| • ജൈവവൈവിധ്യപാർക്ക് | • സ്റ്റാഫ് മുറി |
| • പഠനയാത്രകൾ | • സിക്ക് റൂം |
| • സെമിനാറുകൾ | • മൾട്ടിമീഡിയ റൂം |
| • കലാ-കായികമേള | • ലൈബ്രറി |
| • ഐ.ടി പരിശീലനം | • അടുക്കള |
| • അധ്യാപക ശാക്തീകരണ പരിപാടികൾ | • ഡൈനിങ് ഹാൾ |
| • ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | • കുടി വെള്ള വിതരണം |
| • സ്കൂൾ പത്രം മാസിക | • മാലിന്യ സംസ്കരണം |
| • പ്രവർത്തി പരിചയ പഠനം | • ടോയ്‌ലറ്റ് |
| • ഒന്നാം ക്ലാസ്സ് ഒന്നാം തരം | • ലബോറട്ടറി |
| • എസ്.ആർ. ജി ശാക്തീകരണം | • ജന്മദിനത്തിന് ഒരു പുസ്തകം |
| • ശാസ്ത്രാഭിരുചി വളർത്തൽ | • ചിത്രരചന |
| • പച്ചക്കറിത്തോട്ടം | • എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം |
| • രചനാ ശില്പശാല | • എന്റെ ചെടി എനിക്കും പറയാനുണ്ട് |
| • അഭിമുഖങ്ങൾ | • ഭാഷോത്സവം |
| • മെഡിക്കൽ ക്യാമ്പ് | • ഗണിതോത്സവം |
| • പോഷകാഹാര പരിപാടി | • മെട്രിക്മേള |
| • ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ | |
| • ഭാഷാലാബ് | |
| • ബാല | |
| • ബ്ലോഗ് | |

## ഉപസംഹാരം

കേരളത്തിലങ്ങോളമിങ്ങോളം നിരവധി സ്കൂളുകൾ വിദ്യാഭ്യാസ തല്പരരായ മഹാന്മാർ മുൻകൈയെടുത്തു സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു.സേവനം മാത്രം ലക്ഷ്യവും മുദ്രാവാക്യവുമാക്കി തുടങ്ങിയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ സമൂഹത്തിന്റെ നാനാതുറകളിലും തങ്ങളുടെ സേവനം സമർപ്പിച്ചു വരികയാണ്. എന്നാൽ ഈയിടെയായി, കുറച്ചു വർഷങ്ങളിലായി കച്ചവടക്കണ്ണോടെ കുറെയേറെ ഏജൻസികൾ വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനും മുന്നോട്ടു വന്നിരിക്കുന്നു. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപന നടത്തിപ്പുകാരായി.ഇംഗ്ലീഷ് മീഡിയത്തിന്റെയും പൊതുവിദ്യാലയങ്ങളിലെ നിലവാരത്തിലുള്ള ഇടിവിന്റെയും ഭൗതിക സാഹചര്യങ്ങളും മികവിന്റെയും ഗതാഗത സൗകര്യത്തിന്റെയുമൊക്കെ മേനി പറഞ്ഞ്,മാധ്യമങ്ങളെ കൂട്ടുപിടിച്ചുള്ള പ്രചാരണങ്ങളുടെ ഫലമായി സമൂഹത്തിലെ ധനികന്മാർ തങ്ങളുടെ കുട്ടികളെ അൺഎയ്ഡഡ് സ്ഥാപനങ്ങളിലേക്ക് ചേർക്കുകയാണുണ്ടായത്. പിന്തുടരാത്ത സി.ബി.എസ്.ഇ ഐ.സി.എസ്.ഇ തുടങ്ങിയ പാഠ്യപദ്ധതികളുടെ പേരും എഴുതിപ്രദർശിപ്പിച്ചുള്ള സ്കൂൾ വാഹനങ്ങളും ഒരുനിര തന്നെ നമുക്ക് നമ്മുടെ നിരത്തുകളിൽ ദിവസവും കാണാവുന്നതാണ്. തൽഫലമായി ഏകദേശം ഒരു നൂറ്റാണ്ടോളവും ചിലയിടങ്ങളിൽ അതിലധികവും നാടിന്റെ നെടുംതൂണുകളായി വിരാജിച്ച സാധാരണ പള്ളിക്കൂടങ്ങൾ അടച്ചുപൂട്ടൽ ഭീഷണിനേരിടുകയാണ്.നിരവധിയെണ്ണം അടച്ചു കഴിഞ്ഞു. കുറെയെണ്ണം അർധപ്രാണരായി ദീർഘശ്വാസം വലിച്ചു വരുന്നു.

സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും പ്രചാരവേലകളും പുത്തനുണർവ് പകർന്നു തന്നിട്ടുണ്ട്. അലംഭാവം കൈവിട്ട് അധ്യാപകരും നാട്ടുകാരും രംഗത്തുവന്നിട്ടുമുണ്ട്. തൽഫലമായി അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും കൂട്ടത്തോടെ പൊതുവിദ്യാലയങ്ങളിലേക്ക് പലായനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്.

ഏറ്റവും പ്രിയമുള്ളവരെ, പൊതുവിദ്യാഭ്യാസ സംരക്ഷണം പൊതുസമൂഹ സംരക്ഷണം കൂടിയാണ്. പരസ്പരം അറിയാനും സംവദിക്കാനും സഹകരിക്കാനും സാഹോദര്യം ഊട്ടിയുറപ്പിക്കാനും മതസൗഹാർദം നിലനിർത്താനും സഹിഷ്ണുതയും അലിവും ദീനാനുകമ്പയും ഉണ്ടാവാനും പൊതുവിദ്യാലയങ്ങൾ നിലനിൽക്കുക തന്നെവേണം. അതിന് ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

******************************




## പാഠ്യേതര പ്രവർത്തനങ്ങൾ

- ചിത്രകലാ പരിശീലനം
- പ്രതിമാ ശില്പ നിർമ്മാണ പരിശീലനം
- വിദഗ്ദ്ധർ പങ്കെടുക്കുന്ന കായിക പരിശീലന കളരികൾ
- സ്പോർട്സ് പരിശീലനം
- വ്യക്തിത്വ വികസന ക്ലാസുകൾ
- കലാസാഹിത്യ വർക്ക്ഷോപ്പുകൾ
- പ്രസംഗ പരിശീലനം, കവിതാ രചന ആലാപന പരിശീലനങ്ങൾ
- പഠനത്തിൽ പിന്നാക്കക്കാർക്ക് പ്രത്യേക പഠനത്തിനായി വിദ്യാദാന പദ്ധതി
- നിത്യവായനയ്ക്കായുള്ള ക്ലാസ് റൂം ലൈബ്രറി പ്രവർത്തനങ്ങൾ
- അഭിരുചി പ്രതിഭാ നിർണ്ണയ പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന കാരുണ്യ പദ്ധതി

***********************